2025 MAY
14
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഇന്ത്യപാക് വെടിനിർത്തൽ
# കനത്ത ഇടിവ് നേരിട്ട് ചൈനീസ് പ്രതിരോധ ഓഹരികൾ

**മുംബൈ:** ഇന്ത്യപാക് വെടിനിർത്തലിന് പിന്നാലെ തിരിച്ചടി നേരിട്ട് ചൈനയിലെ പ്രതിരോധ കമ്പനികളുടെ ഓഹരികൾ. ഇന്ത്യയുടെ അത്യാധുനിക വ്യോമ പ്രതിരോധ സംവിധാനങ്ങൾ പാക് ആക്രമണങ്ങളെ നിർവീര്യമാക്കിയിരുന്നു. ഈ ആക്രമണങ്ങൾക്ക് ചൈനീസ് നിർമിത ഡ്രോണുകളും മിസൈലുകളുമാണ് പാകിസ്താൻ പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഹാങ്സെങ് ചൈന എ എയ്റോസ്പേസ് ആൻഡ് ഡിഫെൻസ് സൂചിക മൂന്ന് ശതമാനം ഇടിവ് നേരിട്ടു.

ജെ 10സി യുദ്ധ വിമാനങ്ങളുടെ നിർമാതാക്കളായ എവിക് ചെങ്ദു, ഷുഷൗ ഹോങ്ഡ എന്നിവ യഥാക്രമം 8.6 ശതമാനം, 6.3 ശതമാനം തകർന്നു. ജെ 10 സി യുദ്ധവിമാനങ്ങൾ ഉപയോഗിച്ചതായി പാക് വിദേശകാര്യ മന്ത്രി ഇസ്ഹാഖ് ദാർ പാർലമെന്റിൽ പറഞ്ഞിരുന്നു. ഷുഷൈ ഹോങ്ഡ ഇലക്ട്രോണിക്സ് കോർപ് ആണ് പിഎൽ 15 മിസൈലുകളുടെ നിർമാതാക്കൾ. പാക് സൈന്യം ഈ മിസൈലുകളും ഉപയോഗിച്ചിരുന്നു.



2020-24 കാലയളവിൽ പാകിസ്താന് ഏറ്റവും കൂടുതൽ ആയുധങ്ങൾ വിറ്റത് ചൈനയാണെന്നാണ് റിപ്പോർട്ടുകൾ. മൊത്തം ആയുധ ഇറക്കുമതിയുടെ 81 ശതമാനവും ചൈനയിൽ നിന്നാണ്. നെതർലാൻഡ് (5.5%), തുർക്കി (3.8%) എന്നിങ്ങനെയാണ് പാക്സിതാന്റെ ആയുധ കച്ചവടത്തിലെ വിഹിതം.

ചൈനീസ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പ്രതിരോധ കൂട്ടായ്മയാണ് ഏവിയേഷൻ കോർപറേഷൻ ഓഫ് ചൈന. നിരവധി രൂപകല്പന സ്ഥാപനങ്ങളും നിർമാണശാലകളും ഈ സംവിധാനത്തിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

# 14,200 കോടിയുടെ യുഎസ് സൗദി പ്രതിരോധ കരാർ



**റിയാദ്:** വിവിധ വികസന പദ്ധതികൾക്കായി യുഎസിൽ 60,000 കോടി ഡോളർ നിക്ഷേപിക്കാൻ സൗദി തീരുമാനിച്ചു. പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ സൗദി സന്ദർശനത്തിലാണ് സുപ്രധാന തീരുമാനം. 14,200 കോടി ഡോളറിന്റെ പ്രതിരോധ കരാറിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. യുഎസ് സഹകരണത്തിൽ 500 മെഗാവാട്ട് ശേഷിയുള്ള ഡേറ്റ സെന്റർ സൗദിയിൽ ആരംഭിക്കാനും ധാരണയായി. നിർമിതബുദ്ധി സാങ്കേതികവിദ്യയിലെ സഹകരണത്തിനു യുഎസിന്റെ എഐ ചിപ്പുകൾ സൗദിക്കു നൽകും.

സുരക്ഷാ കാരണങ്ങളാൽ ബൈഡൻ ഭരണകൂടം യുഎസ് എഐ ചിപ്പുകൾ നൽകിയിരുന്നില്ല. ഊർജമേഖലയിലെ സഹകരണമാണു സൗദി, യുഎസ് ബന്ധത്തിന്റെ മൂലക്കല്ലെന്നും നിക്ഷേപ അവസരങ്ങൾ പലമടങ്ങായി വർധിച്ചുവെന്നും സൗദി നിക്ഷേപ മന്ത്രി ഖാലിദ് അൽ ഫാലിഹ് പറഞ്ഞു. യുഎസിന്റെ മികച്ച യുദ്ധവിമാനമായ എഫ് 35 വാങ്ങുന്നതിനുള്ള താൽപര്യം സൗദി അറിയിച്ചെങ്കിലും ട്രംപ് ഉറപ്പുനൽകിയില്ല. വിശ്വസ്ത സഖ്യ രാജ്യങ്ങൾക്കു മാത്രമാണ് യുഎസിന്റെ എഫ് 35 ജെറ്റുകൾ നൽകിയിട്ടുള്ളത്.


ബന്ധം ഊഷ്മളമാക്കുന്നതിന്റെ ഭാഗമായി അറേബ്യൻ ചീറ്റപ്പുലിയെ സൗദി യുഎസിനു നൽകും. ചീറ്റപ്പുലിയെ സംരക്ഷിക്കുന്ന പദ്ധതിയുടെ ഭാഗമായാണ് കൈമാറ്റം. സൗദി , ഇസ്രയേൽ നയതന്ത്ര ബന്ധം മെച്ചപ്പെടുത്താനുള്ള ചർച്ചകളും അണിയറയിൽ നടക്കുന്നുണ്ട്. ഇസ്രയേലുമായി ബന്ധം പുനഃസ്ഥാപിക്കുന്നതിനു ഗാസയിൽ വെടിനിർത്തണമെന്ന നിബന്ധന സൗദി മുന്നോട്ടു വച്ചതായാണു വിവരം. ഇന്നു റിയാദിൽ നടക്കുന്ന ഗൾഫ് ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം ട്രംപ് ദോഹയിലേക്കു തിരിക്കും. നാളെ അബുദാബിയിൽ എത്തും.

# കശ്മീർ വിഷയത്തിൽ മൂന്നാം കക്ഷി ഇടപെടൽ അനുവദിക്കില്ല

**ന്യൂഡൽഹി:** പാക്കിസ്ഥാൻ വ്യോമതാവളങ്ങളിൽ ഇന്ത്യ നടത്തിയ ശക്തമായ ആക്രമണത്തിനു പിന്നാലെ സൈനിക നീക്കം അവസാനിപ്പിക്കാൻ പാക്കിസ്ഥാൻ നിർബന്ധിതമായെന്ന് വിദേശകാര്യ മന്ത്രാലയം. വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാളാണ് വാർത്താസമ്മേളനത്തിലൂടെ ഇക്കാര്യം പറഞ്ഞത്. പാക്കിസ്ഥാൻ ഹൈക്കമ്മിഷണറിൽനിന്ന് മേയ് 10ന് ഉച്ചയ്ക്ക് 12.30നാണ് ഇന്ത്യയുടെ വിദേശകാര്യ മന്ത്രാലയത്തിന് ഫോൺകോൾ വരുന്നത്. ആദ്യം ഹോട്ട്ലൈനിൽ ആശയവിനിമയം നടത്താൻ പാക്കിസ്ഥാന് സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിട്ടു. തുടർന്ന് ഇന്ത്യൻ ഡിജിഎംഒയുടെ സൗകര്യാർഥം വൈകിട്ട് 3.35നാണ് പാക്കിസ്ഥാൻ ഡിജിഎംഒയുമായി സംസാരിച്ചത്.

“മേയ് 10ന് പുലർച്ചെ പാക്കിസ്ഥാന്റെ പ്രധാന വ്യോമതാവളങ്ങളിൽ ഇന്ത്യ ആക്രമണം നടത്തിയിരുന്നു. തുടർന്നാണ് പാക്കിസ്ഥാൻ വെടിനിർത്തലിന് താൽപര്യം അറിയിച്ച് എത്തിയത്. ഇന്ത്യയുടെ സൈനിക ബലമാണ് പാക്കിസ്ഥാനെ വെടിനിർത്തണമെന്ന ആവശ്യത്തിലേക്ക് എത്തിച്ചത്. ഏപ്രിൽ 22ലെ പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യ പാക്കിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ആക്രമണം നടത്തിയത്. പാക്കിസ്ഥാൻ സേന ആക്രമണം നടത്തുകയാണെങ്കിൽ ഇന്ത്യ തിരിച്ചടിക്കുക തന്നെ ചെയ്യും. അവർ നിർത്തിയാൽ ഇന്ത്യയും അവസാനിപ്പിക്കും.

കശ്മീർ പ്രശ്നം ഇന്ത്യയും പാക്കിസ്ഥാനും ഉഭയകക്ഷി ചർച്ചയിലൂടെ പരിഹരിക്കണമെന്നാണ് ഇന്ത്യയുടെ നിലപാട്. ആ നിലപാടിൽ മാറ്റമില്ല. കശ്മീർ സംബന്ധിച്ച് പാക്കിസ്ഥാനുമായുള്ള ഒരേയൊരു പ്രശ്നം, അവർ നിയമവിരുദ്ധമായി കൈവശപ്പെടുത്തിയ പ്രദേശങ്ങൾ ഇന്ത്യയ്ക്ക് തിരികെ നൽകുക എന്നതാണ്. അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനങ്ങളിലൂടെ സിന്ധു നദീജല കരാറിലെ വ്യവസ്ഥകൾ പാക്കിസ്ഥാൻ ലംഘിച്ചു. ഭീകരപ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നത് പാക്കിസ്ഥാൻ അവസാനിപ്പിക്കുന്നതു വരെ സിന്ധുനദീ ജല കരാർ നിർത്തിവയ്ക്കും” വിദേശകാര്യ വക്താവ് പറഞ്ഞു.”പാക്ക് സൈന്യം തിരിച്ചടിച്ചാൽ ഇന്ത്യൻ സൈന്യവും തിരിച്ചടിക്കും. പാക്കിസ്ഥാൻ നിർത്തിയാൽ ഇന്ത്യയും നിർത്തും. ഇക്കാര്യം ലോകരാഷ്ട്രങ്ങൾക്കൊപ്പം പാക്കിസ്ഥാനെയും ബോധ്യപ്പെടുത്തി. പാക്കിസ്ഥാന്റെ ആണവായുധ ഭീഷണി വിലപ്പോകില്ല. വിദേശകാര്യ വക്താവ് പറഞ്ഞു



# ഫോക്കസ് പോയിന്റിലൂടെ അഭിരുചികൾക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരം: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** അഭിരുചിക്കും താൽപര്യത്തിനും ഇണങ്ങുന്ന തുടർപഠന മേഖലകൾ തിരഞ്ഞെടുക്കുന്നതിനായി വിദ്യാർഥികൾക്കുള്ള അവസരമാണ് ഫോക്കസ് പോയിന്റ് ഓറിയന്റേഷൻ പ്രോഗ്രാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ദിശ കരിയർ പ്ലസ് വൺ ഫോക്കസ് പോയിന്റിന്റെയും അധ്യാപക സംഗമത്തിന്റെയും സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം കോട്ടൺഹിൽ ഹയർ സെക്കണ്ടറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കന്ററി സ്കൂളുകളിലും പത്താം ക്ലാസ് പാസായ വിദ്യാർത്ഥികൾക്ക് രാവിലെ 10 മുതൽ 1 മണി വരെ ആഫ്റ്റർ 10വേ ഫോക്കസ് പോയിന്റ് എന്ന പേരിൽ ഒരു ഓറിയൻറേഷൻ പ്രോഗ്രാം ഹയർ സെക്കന്ററി വിഭാഗം കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിലാണ് നിലവിൽ ഒരുക്കിയിട്ടുള്ളത്. വിദ്യാർത്ഥികളെ സഹായിക്കുന്നതിന് എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും പരിശീലനം ലഭിച്ച ഒരു അധ്യാപകൻ കരിയർ ഗൈഡായി പ്രവർത്തിച്ചു വരുന്നു.

പത്താം ക്ലാസ് പരീക്ഷയിൽ തുടർ പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികളുടെ മുമ്പിൽ ഒട്ടേറെ തുടർപഠന സാദ്ധ്യതകളുണ്ട്. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റിസ് എന്നീ മൂന്ന് സ്ട്രീമുകളിലായി 46 കോമ്പിനേഷനുള്ള ഹയർ സെക്കന്ററി വിഭാഗം, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം, ടെക്നിക്കൽ ഹയർ സെക്കന്ററി, ഡിപ്ലോമ കോഴ്സുകൾ, പോളിടെക്നിക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ഹ്രസ്വവും, ദീർഘവുമായ തുടർ പഠന സാധ്യതകൾ കുട്ടികളെ പരിചയപ്പെടുത്തേണ്ടതുണ്ട്. 46 കോമ്പിനേഷനുകളുള്ള സെക്കന്ററി ഹയർ കോഴ്സുകളിലൂടെ എത്തിച്ചേരുന്ന 25,000 ത്തോളം ഉന്നത പഠന കോഴ്സുകൾ ഇന്ന് രാജ്യത്ത് ലഭ്യമാണ്. അതുകൊണ്ട് തന്നെ സ്ട്രീമുകളിലെയും ഒരോ കോമ്പിനേഷനുകളും കുട്ടികൾ അടുത്തറിയേണ്ടതുണ്ട്. അഭിരുചിയിൽ സംശയമുള്ള വിദ്യാർത്ഥികൾക്ക് അതിൽ വ്യക്തത വരുത്താൻ ഓൺലൈൻ അഭിരുചി പരീക്ഷ ഇന്ത്യയിൽ ആദ്യമായി വികസിപ്പിച്ച പൊതുവിദ്യാഭ്യാസ വകുപ്പാണ് കേരളത്തിലേത്. സൗജന്യമായി അഭിരുചി പരീക്ഷയും കൗൺസിലിംഗും നൽകിവരുന്നുണ്ട്.

കുട്ടികളുടെ സമഗ്രമായ പുരോഗതിക്കായി ജനകീയ പങ്കാളിത്തത്തോടെ കേരള സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ഗുണമേന്മാ പദ്ധതി. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനമായി വിവിധ തലങ്ങളിൽ പദ്ധതിയുടെ ഭാഗമാകുന്നവരെ ഉൾക്കൊള്ളിച്ച് സംഘാടക സമിതികൾ രൂപീകരിച്ചു കഴിഞ്ഞു. വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികൾക്കും അവസരം നൽകി, ഉൾചേർത്ത പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ രംഗത്തെ സാമൂഹ്യ നീതി ഉറപ്പാക്കുന്നതിന് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി വിദ്യാലയങ്ങളിൽ സാമൂഹികവും അക്കാദമികവുമായ പ്രവർത്തനങ്ങൾക്ക് പ്രധാന പങ്കു വഹിക്കുന്ന അധ്യാപകരുടെ പ്രാധാന്യം പരിഗണിച്ചാണ് അവധിക്കാല അധ്യാപക സംഗമങ്ങൾ സംഘടിപ്പിക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ തയ്യാറാക്കിയ 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തക വിനിമയം, മൂല്യനിർണ്ണയ സമീപനം, കുട്ടികളുടെ സമഗ്ര പുരോഗതി രേഖ വികസിപ്പിക്കൽ, വിവിധ ഭിന്നശേഷി വിഭാഗങ്ങളിലെ കുട്ടികളെ അക്കാദമികമായി ഉൾചേർക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക, സമകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ ബാല്യത്തിനും യൗവ്വനത്തിനുമൊപ്പം സർക്കാർ എന്ന ക്യാമ്പയിൻ ഏറ്റവും പ്രാധാന്യത്തോടെ വിദ്യാലയങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അധ്യാപക നേതൃത്വം, ആരോഗ്യ കായിക വിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, ആധുനിക സാങ്കേതിക വിദ്യയുടെ പഠനം തുടങ്ങി വിവിധ മേഖലകളിൽ ചർച്ചകളും സംവാദങ്ങളും പാഠഭാഗങ്ങളുമായി ചേർത്തുവച്ച് അവതരിപ്പിക്കുന്നതിന് അധ്യാപക സംഗമങ്ങൾ ക്രിയാത്മക വേദികളായി മാറണം. സംസ്ഥാനത്തെ പാഠ്യപദ്ധതി പിന്തുടരുന്ന എൽ പി., യു പി, ഹൈസ്കൂൾ വിഭാഗം മുഴുവൻ അധ്യാപകർക്കും 2025 മെയ് 13 മുതൽ 23 വരെ രണ്ടു ഘട്ടങ്ങളിലായി അഞ്ചു ദിവസത്തെ പരിശീലനം പൊതു വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ്, വിദ്യാകിരണം, കൈറ്റ് തുടങ്ങിയവരുടെ സഹകരണത്തോടെയാണ് സമഗ്ര ശിക്ഷാ കേരളം സംഘടിപ്പിക്കുന്നത്.

ഈ വർഷം 4,045 ബാച്ചുകളിലായി 1,50,361 ൽ പരം അധ്യാപകരാണ് അധ്യാപക സംഗമങ്ങളിൽ പങ്കെടുക്കുന്നത്. സാമൂഹ്യ നീതി ഉറപ്പാക്കി ഗുണമേന്മാ വിദ്യാഭ്യാസമെല്ലാവർക്കും ലഭിക്കുന്നതിന് കേരളം നടത്തുന്ന ഈ സവിശേഷ ഇടപെടലിൽ അധ്യാപകർക്കുള്ള പങ്ക് നിർണ്ണായകമാണ്. അതിനാൽ തന്നെ കേരളത്തിലെ വിദ്യാഭ്യാസത്തിൽ മറ്റൊരു പുതു ദൗത്യം നിർവഹിക്കുന്നതിന് ഏവർക്കും ഒരുമിച്ച് മുന്നേറണ്ടതുണ്ട്. സംസ്ഥാനത്താകെ അധ്യാപകസംഗമത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് എല്ലാവിധ ആശംസകളും അർപ്പിക്കുന്നതായും മന്ത്രി അറിയിച്ചു.

ആന്റണി രാജു അധ്യക്ഷത വഹിച്ച ചടങ്ങിൽ സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ. സുപ്രിയ എ ആർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ്, എസ് സി ഇ ആർ ടി ഡയറക്ടർ ഡോ. ജയപ്രകാശ് ആർ കെ, എസ് ഐ ഇ ടി ഡയറക്ടർ ബി അബുരാജ്, സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ഡോ. സുധീഷ് കുമാർ എൻ ഐ എന്നിവർ സംബന്ധിച്ചു.

# കേരളത്തിന്റെ തീരദേശത്ത് രണ്ടാം റെയിൽ പാത; 2027 ൽ പൂർത്തിയാക്കാൻ തിരക്കിട്ട ശ്രമം



**ആലപ്പുഴ:** തീരദേശ റെയിൽപാതയിൽ എറണാകുളം മുതൽ തുറവൂർ വരെയുള്ള ഭാഗത്തു രണ്ടാംപാത നിർമാണത്തിന്റെ 10 ശതമാനത്തോളം പണികൾ പൂർത്തിയായി. അരൂർ- കുമ്പളം ഭാഗത്ത് ഒരു കിലോമീറ്ററോളം നീളമുള്ള പാലം ഉൾപ്പെടെയാണു രണ്ടാംപാതയ്ക്കായി നിർമിക്കുന്നത്. പാലത്തിന്റെ പൈലിങ് ജോലികളും മറ്റിടങ്ങളിൽ പാതയ്ക്കായി മണ്ണിട്ട് ഉയർത്തുന്ന പണികളുമാണു പുരോഗമിക്കുന്നത്. 2027 പകുതിയോടെ പണികൾ പൂർത്തിയാക്കാനാണു റെയിൽവേയുടെ ശ്രമം. അരൂർ- കുമ്പളം പാലത്തിൽ 186 പൈലുകളാണുണ്ടാവുക. ഇതിൽ 30 എണ്ണം പൂർത്തിയായി. മൂന്നു തൂണുകളും പൂർത്തിയായി. ആറു പൈലുകൾക്കു മുകളിലാണ് ഒരു തൂൺ നിർമിക്കുന്നത്. 30 മീറ്റർ വീതം നീളമുള്ള 27 സ്പാനുകളാണു പാലത്തിനായി നിർമിക്കുക. ദേശീയ ജലപാതയ്ക്കു കുറുകെയുള്ള ഭാഗത്ത് 60 മീറ്റർ നീളമുള്ള സ്പാനുകളാണു നിർമിക്കുന്നത്. ഇവിടെ 9 പൈലുകൾക്കു മുകളിലാണു തൂണ് നിർമിക്കുന്നത്.നിർമാണ പുരോഗതിയിൽ എറണാകുളം- കുമ്പളം ഭാഗമാണു മുന്നിൽ. ഇവിടെ ഭൂമിയേറ്റെടുക്കൽ നേരത്തെ പൂർത്തിയായതിനാൽ പണികൾ ആരംഭിച്ചിരുന്നു. കുമ്പളം- തുറവൂർ ഭാഗത്തെ സ്ഥലത്തിൽ ഭൂരിഭാഗവും ഏറ്റെടുത്തു നൽകിയിട്ടുണ്ട്. ഇതോടെ ഇവിടെയും മണ്ണിട്ട് നിരപ്പാക്കൽ ആരംഭിച്ചു.

ജില്ലയിൽ മഴ താരതമ്യേന കുറവാണെങ്കിലും മണ്ണെടുക്കുന്ന സ്ഥലങ്ങളിൽ മഴ പെയ്യുന്നതു മണ്ണ് ലഭ്യതയെ ബാധിക്കുന്നുണ്ട്. മഴയ്ക്കു മുൻപേ പരമാവധി പണികൾ തീർക്കാനാണു ശ്രമം. കനത്ത മഴയത്ത് ഒഴികെ കോൺക്രീറ്റിങ് ജോലികൾ തടസ്സമില്ലാതെ നടന്നേക്കും. എറണാകുളം മുതൽ തുറവൂർ റെയിൽവേ സ്റ്റേഷനു സമീപത്തു വരെ നിലവിലെ പാതയ്ക്കു പടിഞ്ഞാറു വശത്തായാണു പുതിയ പാത നിർമിക്കുന്നത്. തുറവൂർ സ്റ്റേഷനിൽ കിഴക്കു ഭാഗത്തു കൂടിയാണു പാത കടന്നുപോകുക. തുറവൂർ മുതൽ അമ്പലപ്പുഴ വരെയുള്ള ഭാഗത്തു രണ്ടാംപാത നിർമാണത്തിന് അനുമതിയായിട്ടില്ല.

## കരകൗശല വിദഗ്ധർക്ക് ടൂൾകിറ്റ് ഗ്രാന്റിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്ത് മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധ/ കൈപ്പണിക്കാർ/ പൂർണ്ണ വൈദഗ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നിവരുടെ തൊഴിൽ വൈദഗ്ധ്യം ശക്തിപ്പെടുത്തി, ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകി, ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലൂടെ വരുമാനം കണ്ടെത്തുന്നതിന് പരിശീലനവും ധനസഹായവും നൽകുന്ന പദ്ധതിയായ പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള ടൂൾകിറ്റ് ഗ്രാന്റിന് 202526 വർഷം അപേക്ഷ ക്ഷണിച്ചു. വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കൂടുതലാവരുത്. 60 വയസ്സുവരെയുള്ളവർക്ക് അപേക്ഷിക്കാം. www.bwin.kerala.gov.in പോർട്ടൽ മുഖേന മേയ് 31നകം ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ ബന്ധപ്പെടാം. കൊല്ലം മേഖലാ ഓഫീസ് : 0474 2914417, എറണാകുളം മേഖലാ ഓഫീസ് : 0484 2429130, പാലക്കാട് മേഖലാ ഓഫീസ് : 0492 2222335, കോഴിക്കോട് മേഖലാ ഓഫീസ് : 0495 2377786. www.bwin.kerala.gov.in, www.bcdd.kerala.gov.in.

## അസാപ് കേരളയിൽ ഇംഗ്ലീഷ് പരിശീലനം

**കോട്ടയം:** കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അസാപ് കമ്യൂണിറ്റി സ്കിൽ പാർക്കിൽ ബേസിക് പ്രൊവിഷ്യൻസി കോഴ്സ് ഇൻ ഇംഗ്ലീഷിലേക്ക് പ്രവേശനം ആരംഭിച്ചു. സ്പോക്കൺ ഇംഗ്ലീഷ്, ഗ്രാമർ, ഇന്റർവ്യൂ ട്രെയിനിംഗ്, റെസ്യൂമെ ബിൽഡിങ്, മോക്ക് ഇന്റർവ്യൂ, പബ്ലിക് സ്പീക്കിങ് തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകും. എസ്.എസ്.എൽ.സി/ തത്തുല്യം/ഉയർന്ന യോഗ്യതകൾ ഉള്ളവർക്കാണ് പ്രവേശനം. അപേക്ഷകർ പതിനെഞ്ചു വയസിന് മുകളിലുള്ളവരായിരിക്കണം. തിരുവല്ല കുന്നന്താനം കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന അസാപ്പ് കമ്യൂണിറ്റി സ്കിൽ പാർക്കിലാണ് പരിശീലനം. വിശദ വിവരത്തിന് ഫോൺ: 9495999688.

## അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിങ് ഡിവിഷൻ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പി.ജി. ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത പ്ലസ് ടൂ), ആറുമാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത എസ്.എസ്.എൽ.സി.) എന്നീ കോഴ്സുകളിലെ ഓൺലൈൻ/റെഗുലർ/പാർട്ട് ടൈം ബാച്ചുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മികച്ച ആശുപത്രികളിൽ ഇന്റേൺഷിപ് ചെയ്യാൻ അവസരവും കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലെയ്സ്മെന്റ് അസിസ്റ്റൻസും ലഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 7994449314.

## അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവാംഗങ്ങളായ തൊഴിലാളികളുടെ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 202526 അധ്യയന വർഷത്തിൽ ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ പഠന കിറ്റ് വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. മെയ് 13 ആണ് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി. അപേക്ഷയും മറ്റ് വിശദ വിവരങ്ങളും ജില്ലാ ഓഫീസിലും, ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ kmtwwfb.org യിലും ലഭ്യമാണ്. ഫോൺ: 0487 2446545.

## പ്ലസ്‌വൺ പ്രവേശനം അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** സർക്കാർ സ്ഥാപനമായ ഐ.എച്ച് ആർ.ഡിയുടെ വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിലേക്ക് പ്ലസ് വൺ പ്രവേശനത്തിന് (സയൻസ് ഗ്രൂപ്പ് മാത്രം) അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോറവും പ്രോസ്പെക്ടസും www.ihrd.ac.in എന്ന വെബ്സൈറ്റിലും വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷാ ഫീസ് 110 രൂപ (എസ്.സി./എസ്.ടി 55 രൂപ). പ്രവേശനം ഏകജാലകം വഴി അല്ലാത്തതിനാൽ പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും മെയ് 28ന് വൈകിട്ട് അഞ്ചു മണിക്ക് മുൻപായി വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഓഫീസിൽ തന്നെ എത്തിക്കണം. ഫോൺ: 9496217535, 8547005022.

## ടെൻഡർ ക്ഷണിച്ചു

**തൊടുപുഴ:** ജില്ലാ ആശുപത്രിയിൽ കെ.എ.എസ്. പി/ ആർ.ബി.എസ്.കെ/ എ.കെ/ജെ.എസ്.എസ്.കെ/ എസ്. ടി. എന്നീ സ്കീമുകൾ വഴി ചികിത്സ തേടുകയോ അഡ്മിറ്റ് ആകുകയോ ചെയ്യുന്ന രോഗികൾക്ക് ഈ സ്ഥാപനത്തിൽ ലഭ്യമല്ലാത്ത മരുന്നുകൾ പുറമെ നിന്നും ലഭ്യമാക്കുന്ന തിനായി മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെൻഡർ ക്ഷണിച്ചു. ടെൻഡർ അപേക്ഷകൾ മെയ് 23 ന് പകൽ 11 വരെ സ്വീകരിക്കും. തുടർന്ന് 12 ന് തുറന്ന് പരിശോധിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് 04862 222630



ജനാധിപത്യ സംരക്ഷണ സമിതിയുടെ യുവജനവിഭാഗമായ ജനാധിപത്യ യുവജന സമിതി(ജെ.വൈ.എസ്)യുടെ അംഗത്വവിതരണ ക്യാംപയിന്റെ ഉദ്ഘാടനം എറണാകുളം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ. എൻ രാജൻ ബാബു നിർവ്വഹിച്ചപ്പോൾ. അർഷാദ് കോഴിക്കോട്, ബിന്ദു കൈമൾ, ഡോ. വി. അഭിലാഷ് നാഥ്, മൻസൂർ റഹ്മാനിയ, വി.കെ സുനിൽകുമാർ, അഡ്വ. അഹമ്മദ് അമ്പലപ്പുഴ എന്നിവർ സമീപം

# ജെ.വൈ.എസ് അംഗത്വവിതരണ ക്യാംപയിൻ തുടങ്ങി


**കൊച്ചി:** ജനാധിപത്യ സംരക്ഷണ സമിതിയുടെ യുവജനവിഭാഗമായ ജനാധിപത്യ യുവജന സമിതി(ജെ.വൈ.എസ്)യുടെ അംഗത്വവിതരണ ക്യാംപയിന് തുടക്കമായി. എറണാകുളം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ. എൻ രാജൻ ബാബു ജെ.വൈ. എസ് സംസ്ഥാന പ്രസിഡന്റ് മൻസൂർ റഹ്മാനിയയ്ക്ക് അംഗത്വം നൽകിക്കൊണ്ട് ക്യാംപയിൻ ഉദ്ഘാടനം ചെയ്തു. കടുത്ത തൊഴിൽ അസമത്വവും കാലത്തിനനുസരിച്ചുള്ള വിദ്യാഭ്യാസവും കേരളത്തിലെ യുവജനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യമാണ് നിവിലുള്ളതെന്ന് അഡ്വ.എ. എൻ രാജൻ ബാബു പറഞ്ഞു.വിദ്യാഭ്യാസരംഗത്ത് ഓട്ടോണമസ് കോളജുകൾ കൃത്യമായി സിലബസുകൾ പരിഷ്ക്കരിക്കുകയും ആധുനിക തൊഴിൽ മേഖലകൾ സൃഷ്ടിക്കുകയും ചെയ്യുന്നതിൽ മുന്നേറ്റം നടത്തുമ്പോൾ സാധാരണക്കാരായ വിദ്യാർഥികൾ പഠിക്കുന്ന സർക്കാർ കോളജുകളുടെ സ്ഥിതി അതി ദയനീയമാണെന്നും അഡ്വ. എൻ. എൻ രാജൻ ബാബു പറഞ്ഞു. കേരളത്തിലെ യുവജനങ്ങൾ കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്ന് ജെ.വൈ.എസ് സംസ്ഥാന കൺവീനർ ഡോ. വി. അഭിലാഷ് നാഥ് പറഞ്ഞു. രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുമ്പോഴും പിൻവാതിൽ നിയമനങ്ങൾ ശക്തമാണ്. സർക്കാരിന്റെ ദ്രോഹപരമായ നയങ്ങൾക്കെതിരെ വരും നാളുകളിൽ ജെ.വൈ.എസ് ശക്തമായ സമരവുമായി രംഗത്തുവരുമെന്നും അദ്ദേഹം പറഞ്ഞു. ജെ.എസ്.എസ് എറണാകുളം ജില്ലാ സെക്രട്ടറി വി.കെ സുനിൽകുമാർ, അഡ്വ. അഹമ്മദ് അമ്പലപ്പുഴ, ജെ.വൈ. എസ് സംസ്ഥാന പ്രസിഡന്റ് മൻസൂർ റഹ്മാനിയ, ട്രഷറർ അർഷാദ് കോഴിക്കോട്,ബിന്ദു കൈമൾ തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## സിബിഎസ്ഇ സീനിയർ സെക്കൻഡറി പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എവൺ കരസ്ഥമാക്കിയവർ



ആൻ മരിയ പി ബിനു, അമ്മു അജയൻ, ഗൗരി കെ ആർ, ആർ കൃഷ്ണവേണി, രേവതി സന്തോഷ് (എല്ലാവരും സയൻസ് വിഭാഗം) ബാലാംബിക ഹരിദാസ് (കൊമേഴ്സ് വിഭാഗം) (സീനിയർ സെക്കൻഡറി പരീക്ഷാഫലം, പരമഭട്ടാര കേന്ദ്രീയ വിദ്യാലയം, വടയമ്പാടി)

## സിബിഎസ്ഇ സെക്കൻഡറി പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എവൺ കരസ്ഥമാക്കിയവർ



ആരോമൽ കെ.ആർ, അഭിനവ് എസ്, ദിയ ബിജോ, മാളവിക പുഷ്പരാജ്, മീനാക്ഷി ബിജു, മൃൺമയ കൃഷ്ണ, സാന്ദ്ര കെ എസ്, അക്ഷര വി, ഗൗരിശങ്കർ ഡി, സഞ്ചന രാജീവ് സെക്കൻഡറി പരീക്ഷാഫലം, പരമഭട്ടാര കേന്ദ്രീയ വിദ്യാലയം, വടയമ്പാടി)

# സിബിഎസ്ഇ പരീക്ഷ ഫലം; പരമഭട്ടാര കേന്ദ്രീയ വിദ്യാലയം നൂറ് ശതമാനം വിജയം

**വടയമ്പാടി:** സിബിഎസ്ഇ സെക്കൻഡറി സീനിയർ സെക്കൻഡറി പരീക്ഷകളിൽ പരമഭട്ടാര കേന്ദ്രീയ വിദ്യാലയം 100 ശതമാനത്തോടെ മികച്ച വിജയം നേടി.

ആർ കൃഷ്ണവേണി (96%, സയൻസ്) ബാലാംബിക ഹരിദാസ് (98 % കൊമേഴ്സ്) എന്നിവർ മുഴുവൻ വിഷയങ്ങളിലും എ വണ്ണോടെ സീനിയർ സെക്കൻഡറി തലത്തിൽ സ്കൂൾ ടോപ്പർമാരായി.

സയൻസ് വിഭാഗത്തിൽ അമ്മു അജയൻ, ആൻ മരിയ പി ബിനു, രേവതി സന്തോഷ്, ഗൗരി കെ ആർ എന്നിവർ മുഴുവൻ വിഷയങ്ങളിലും എ വൺ കരസ്ഥമാക്കി.സീനിയർ സെക്കൻഡറി പരീക്ഷ എഴുതിയ 40 വിദ്യാർത്ഥികളിൽ 33 പേർ ഡിസ്റ്റിംഗഷനും, 7 പേർ ഫസ്റ്റ് ക്ലാസും നേടി. സെക്കൻഡറി പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥികളും മികച്ച വിജയം കൈവരിച്ചു.

പരീക്ഷ എഴുതിയ 62 വിദ്യാർത്ഥികളിൽ 45 പേർ ഡിസ്റ്റിംഗഷനും, 15 പേർ ഫസ്റ്റ്ക്ലാസും 2 പേർ സെക്കന്റ് ക്ലാസും കരസ്ഥമാക്കി. അക്ഷര വി, മൃൺമയ കൃഷ്ണ എന്നിവർ 97.6 % എന്നിവർ മുഴുവൻ വിഷയങ്ങളിലും എ വണ്ണോടെ സീനിയർ സെക്കൻഡറി തലത്തിൽ സ്കൂൾ ടോപ്പർമാരായി.

ആരോമൽ കെ.ആർ, അഭിനവ് എസ്, ദിയ ബിജോ, മാളവിക പുഷ്പരാജ്, മീനാക്ഷി ബിജു, സാന്ദ്ര കെ എസ്, ഗൗരിശങ്കർ ഡി, സഞ്ചന രാജീവ് എന്നിവർ സെക്കൻഡറി തലത്തിൽ മുഴുവൻ വിഷയങ്ങൾക്കും എ വൺ കരസ്ഥമാക്കി.

സീനിയർ സെക്കൻഡറി തലത്തിൽ അർജ്ജുൻ ജെ, ആദേശ് എൻ ജഗദീഷ്, ബാലാംബിക ഹരിദാസ്, സൂര്യനാരായണൻ കെ.പി എന്നിവർ യഥാക്രമം കംപ്യൂട്ടർ സയൻസ്, ഇക്കണോമിക്സ്, അക്കൗണ്ടൻസി, ബിസ്സിനസ്സ് സ്റ്റഡീസ്

എന്നി വിഷയങ്ങളിലും സെക്കൻഡറി തലത്തിൽ ആരോമൽ കെ ആർ, ഗൗരിശങ്കർ ഡി, അഭിനവ് എസ്, അനന്തകൃഷ്ണൻ എം എസ്, ആർദ്ര ടി എൽ എന്നിവർ യഥാക്രമം മാത്തമാറ്റിക്സ്, സോഷ്യൽ സയൻസസ് വിഷയങ്ങളിലും നൂറിൽ നൂറ് മാർക്കും കരസ്ഥമാക്കി.



വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ സംഘടിപ്പിച്ച അല്മാന വിധവ സംഗമത്തിന്റെ ഉദ്ഘാടനം സഹായ മെത്രാൻ ഡോ.ആന്റണി വാലുങ്കൽ നിർവഹിക്കുന്നു. ഡയറക്ടർ ഫാ.അലക്സ് കുരിശുപറമ്പിൽ, സി.ജോസഫിൻ, എൽസി ജോർജ്, ഫിലോമിന ഫെലിക്സ്, മോളി മാനുവൽ എന്നിവർ സമീപം.

# വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ അല്മാന വിധവ സംഗമം നടത്തി

**കൊച്ചി:** ജൂബിലി വർഷം പ്രമാണിച്ച് വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ സംഘടിപ്പിച്ച അല്മാന വിധവ സംഗമത്തിന്റെ ഉദ്ഘാടനം വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ആന്റണി വാലുങ്കൽ നിർവഹിച്ചു. ഫാമിലി കമ്മീഷൻ ഡയറക്ടർ ഫാ. അലക്സ് കുരിശുപറമ്പിൽ അധ്യക്ഷത വഹിച്ച സംഗമത്തിൽ പ്രസിഡന്റ് എൽസി ജോർജ്, സെക്രട്ടറി ഫിലോമിന ഫെലിക്സ്,, അനിമേറ്റർ സി.ജോസഫിൻ, മോളി മാനുവൽ എന്നിവർ പ്രസംഗിച്ചു. വിവിധ മത്സരങ്ങളിൽ വിജയിച്ചവരെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് കലാപരിപാടികളും ഉണ്ടായിരുന്നു.

# കുസാറ്റ്: സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ കോൺഫറൻസ് നാളെ മുതൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) സ്കൂൾ ഓഫ് മാനേജ്മന്റ് സ്റ്റഡീസിന്റെ വജ്ര ജൂബിലിയോടനുബന്ധിച്ച് ഡിപ്പാർട്മെന്റ് റിസർച്ച് ഫോറം സംഘടിപ്പിക്കുന്ന ദേശീയ റിസർച്ച് ഡോക്ടറൽ കൊളോക്കിയം മെയ് 15 നും 16 നും കുസാറ്റ് സെമിനാർ കോംപ്ലക്സിൽ നടക്കും. മെയ് 15 രാവിലെ 9 മണിക്ക് വൈസ് ചാൻസലർ ഡോ. എം ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്യും. ദേശീയ വിദ്യാഭ്യാസ നയ രൂപീകരണ സമിതി മുൻ മെമ്പർ സെക്രട്ടറി ഷകീല ഷംസു മുഖ്യ പ്രഭാഷണം നടത്തും.

ആധുനിക ഗവേഷണ ശാഖകളായ എക്സ്പെരിമെന്റൽ റിസർച്ച്, ക്വാളിറ്റേറ്റിവ് റിസർച്ച് തുടങ്ങിയ വിഷയങ്ങളിൽ ശില്പശാലകൾ ഈ പരിപാടിയുടെ ഭാഗമാകും. കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ജോഷി ജോസഫ്, മണി അയ്യർ ചെയർ പ്രൊഫസർ ഡോ. സഫലീ ഗുപ്ത എന്നിവർ ശില്പശാലകൾക്ക് നേതൃത്വം നൽകും. നൂറിലധികം ഗവേഷകർ പ്രബന്ധങ്ങൾ പരിപാടിയിൽ അവതരിപ്പിക്കും. ലോകോത്തര ജേർണലുകളുടെ എഡിറ്റർമാരുമായി നേരിട്ടുള്ള ചർച്ചക്ക് ഗവേഷക വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും. അക്കാദമിക വ്യവസായ ഗവേഷണവുമായി ബന്ധപ്പെട്ടുള സെഷനിൽ ടി.സി.എസ് കേരളയുടെ വൈസ് പ്രസിഡന്റും ഡെലിവറി ഹെഡുമായ ദിനേശ് പി തമ്പി, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ (ഐ.ഐ.എം) പ്രൊഫെസറും കേരള ഡിജിറ്റൽ സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ.സജി ഗോപിനാഥ്, ക്യു.എസ്.ഐ ഗേജ് ഇന്ത്യ മാനേജിങ് ഡയറക്ടർ രവിൻ നായർ , കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐ.ഐ.എം) മുൻ വിസിറ്റിങ് പ്രൊഫസറും ഗ്രന്ഥകാരനുമായ എസ്. അർ. നായർ എന്നിവർ പങ്കെടുക്കും.

# ജൂനിയർ റിസർച്ച് ഫെല്ലോ ഒഴിവിലേക്ക് വാക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) റൂസ 2.0 പദ്ധതിയുടെ ഭാഗമായി താൽകാലിക അടിസ്ഥാനത്തിൽ നിയമിക്കുന്ന ജൂനിയർ റിസർച്ച് ഫെല്ലോ തസ്തികയിലേക്ക് മെയ് 15 രാവിലെ 10:30 ക്ക് വാക്ഇൻ ഇന്റർവ്യൂ നടത്തുന്നു. മറൈൻ ബയോളജി/ സുവോളജി /അക്വാട്ടിക് ബയോളജി/ ലൈഫ് സയൻസ്/ എൻവയോൺമെന്റൽ സയൻസ് അല്ലെങ്കിൽ സമാനമായ വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയവരും നെറ്റ്/ഗേറ്റ് പരീക്ഷകൾ പാസ്സ് ആയവരും ഇന്റർവ്യൂവിന് യോഗ്യരാണ്.

ഉദ്യോഗാർത്ഥികൾ അവരുടെ ബയോഡാറ്റ , ശെരിയായ സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത, ഗവേഷണ പരിചയം, എല്ലാ പരീക്ഷകളുടെ മാർക്ക്ഷീറ്റ്, എൻഒസി (ജോലിയിൽ ഉള്ളവർക്ക്) എന്നിവ കൊണ്ട് വരേണ്ടതാണ്. എല്ലാ രേഖകളുടെ ഒറിജിനലും ഇന്റർവ്യൂ സമയം കൊണ്ട് വരണം.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ മെയ് 15 ന് മറൈൻ ബയോളജി വിഭാഗം, സ്കൂൾ ഓഫ് മറൈൻ സയൻസ്, കുസാറ്റിൽ രാവിലെ 10:30 ക്ക് ഇന്റർവ്യൂവിന് ഹാജരാകണം.



ലുലു ഫാഷൻ വീക്കിലെ കേരള പ്രൈഡ് പുരസ്കാരം നടൻ വിനയ് ഫോർട്ടിൽ നിന്ന് ക്രിക്കറ്റ് താരം സച്ചിൻ ബേബി ഏറ്റുവാങ്ങുന്നു. ലുലു കൊച്ചി റീജണൽ ഡയറക്ടർ  സാദിഖ് ഖാസിം, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, ലുലു ഹൈപ്പർമാർക്കറ്റ്സ് ഇന്ത്യ ജനറൽ മാനേജർ സുധീഷ് നായർ, ലുലു ഇന്ത്യ എച്ച്.ആർ ഹെഡ് അനൂപ് മജീദ്, എന്നിവർ സമീപം.

# ലുലു കേരള പ്രൈഡ് പുരസ്കാരം സച്ചിൻ ബേബിക്ക്

**കൊച്ചി:** മാറുന്ന ഫാഷൻ സങ്കൽപ്പങ്ങളുടെ പുതുമ സമ്മാനിച്ച് കൊച്ചിക്ക് ആഘോഷരാവൊരുക്കിയ ലുലു ഫാഷൻ വീക്കിന് സമാപനം. എട്ടാം പതിപ്പിന്റെ അവസാന ദിനം താരനിരയിലാണ് അരങ്ങേറിയത്. ഈ വർഷത്തെ ഫാഷൻ സ്റ്റൈൽ ഐക്കണായി നടി  ഹണി റോസിനെ തിരഞ്ഞെടുത്തു. പൈഡ് ഓഫ് കേരള പുരസ്കാരം മലയാളി ക്രിക്കറ്റ് താരവും രഞ്ജി ട്രോഫി ഫൈനലിൽ കേരളത്തിന്റെ ക്യാപ്റ്റനുമായിരുന്ന സച്ചിൻ ബേബിയും ഏറ്റുവാങ്ങി. ലുലു ഫാഷൻ വീക്ക് ബോൾഡ് ആൻഡ് ബ്യൂട്ടി പുരസ്കാരം പ്രയാഗ മാർട്ടിനും സമ്മാനിച്ചു. നടൻ വിനയ് ഫോർട്ട് പുരസ്കാരങ്ങൾ സമ്മാനിച്ചു. പുരസ്കാര ജേതാക്കളായ താരങ്ങൾ റാംപിൽ ചുവടുവച്ചതോടെയാണ് ഫാഷൻ വീക്കിന് സമാപനമായത്. ലുലു ഫാഷൻ വേദിയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങാൻ കഴിഞ്ഞതിൽ സന്തോഷമെന്ന് ഹണി റോസ് പറഞ്ഞു.

കേരളം എപ്പോഴും ചേർത്ത് നിർത്തിയിട്ടുള്ളിടമാണെന്നും കൊച്ചി എനിക്ക് ഏറെ പ്രിയപ്പെട്ടിടമാണെന്നും പുരസ്കാരം സ്വീകരിച്ച് സച്ചിൻ ബേബി പറഞ്ഞു. ലുലു കൊച്ചി റീജണൽ ഡയറക്ടർ സാദിഖ് ഖാസിം, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, ലുലു ഹൈപ്പർമാർക്കറ്റ്സ് ഇന്ത്യ ജനറൽ മാനേജർ സുധീഷ് നായർ, എച്ച്.ആർ ഹെഡ് അനൂപ് മജീദ്, ലുലുമാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ്, ലുലു ഹൈപ്പർ മാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, കാറ്റഗറി മാനേജർ ഷേമ സാറ, സെൻട്രൽ ബയ്യേഴ്സായ കെ.ആർ ജിനു, ടിനു ജെസി പോൾ എന്നിവർ പങ്കെടുത്തു. നാല് ദിവസങ്ങളിലായി 30 ലധികം ഷോകളാണ് ഫാഷൻ വീക്കിന്റെ ഭാഗമായത്. ലോകോത്തര ബ്രാൻഡുകൾക്ക് വേണ്ടി ഇന്ത്യയിലെ പ്രമുഖ മോഡലുകൾ അണിനിരന്നപ്പോൾ കുഞ്ചാക്കോ ബോബൻ, സണ്ണി വെയിൻ, വിനയ് ഫോർട്ട് , ആൻസൺ പോൾ, കൈലാഷ്, ബിബിൻ ജോർജ്, ഹേമന്ദ് മേനോൻ, റിയാസ് ഖാൻ, ധ്രുവൻ, മറീന മൈക്കിൾ കുരിശിങ്കൽ, സാധിക വേണുഗോപാൽ തുടങ്ങി സിനിമ മേഖലിയിൽ നിന്നുള്ള നിരവധി പേർ റാംപിൽ ചുവടുവച്ചത്. കൂടാതെ പ്രത്യേക ക്ഷണിതാക്കായി എത്തിയ താരങ്ങളും റാംപിൽ ചുവടുവച്ചു. പ്രശസ്ത സ്റ്റൈലിസ്റ്റായ മുംബൈയിൽ നിന്നുള്ള ഷൈലോബോയാണ് ലുലു ഫാഷൻ വീക്കിന്റെ ഷോ ഡയറക്ടർ. മോസ്റ്റ് പ്രിഫേർഡ് മെൻസ് വെയർ ബ്രാന്റിനുള്ള പുരസ്കാരം യു.എസ് പോളോയും, ആൺകുട്ടികളുടെ മോസ്റ്റ് പ്രിഫേഡ് കിഡ്സ് വെയർ ബ്രാൻഡ് പുരസ്കാരം റഫ്, മോസ്റ്റ് പ്രിഫേർഡ് മെൻസ് എത്തിനിക് ബ്രാൻഡ് പുരസ്കാരം അമുക്തിയും സ്വന്തമാക്കി. പുരുഷന്മാർ ഏറ്റവും കൂടുതൽ വിശ്വാസത്തിലെടുക്കുന്ന ബ്രാൻഡായി പീറ്റർ ഇംഗ്ലണ്ടും അവാർഡിന് അർഹത നേടി. മോസ്റ്റ് പ്രിഫേർഡ് ഫാഷൻ അക്സസറി ബ്രാൻഡായി കാപ്ലെസ് പുരസ്കാരം ഏറ്റുവാങ്ങി. ഫാഷൻ രംഗത്ത് ആറ് അവാർഡുകളാണ് വിവിധ ബ്രാൻഡുകൾക്കായി ലുലു ഫാഷൻ വീക്കിന്റെ സമാപനത്തിൽ വിതരണം ചെയ്തത്.

# കൊച്ചി മെട്രോ രണ്ടാം ഘട്ട നിർമാണം : സുരക്ഷാ മുൻകരുതൽ നടപടികളുമായി  കെ എം ആർ എൽ

**കൊച്ചി:** മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് സുരക്ഷാ നടപടികൾ കെഎംആർഎൽ ശക്തമാക്കി. പാലാരിവട്ടം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെ നിർമാണം നടക്കുന്ന വിവിധയിടങ്ങളിൽ സുഗമ ഗതാഗതവും പൊതുജനങ്ങളുടെ സുരക്ഷയും ഉറപ്പാക്കിയാണ് തടസമില്ലാത്ത നിർമാണപ്രവർത്തനങ്ങൾക്ക് നടപടികൾ സ്വീകരിച്ചിരിക്കുന്നത്. നിർമാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിലെല്ലാം ശക്തമായ സുരക്ഷാ നടപടികൾ കൈക്കൊള്ളാൻ എല്ലാ കോൺട്രാക്ടർമാർക്കും കെ.എം.ആർ.എൽ നിർദേശം നൽകി. നിർമാണ സാമഗ്രികളും താൽക്കാലിക ഷെഡുകളും കാറ്റിലും മഴയിലും ഇളകിയും ഒലിച്ചുംപോയി യാത്രക്കാർക്കും ജോലിക്കാർക്കും അപകടം ഉണ്ടാകുന്നത് ഒഴിവാക്കാനും എല്ലാ വർക്ക് സൈറ്റുകളും പരിശോധിച്ച് അപകടമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കാനും നിർദേശം നൽകി.  കൊച്ചി മെട്രോയുടെ പരിധിയിലുള്ള ഓടകൾ വൃത്തിയാക്കി തടസങ്ങൾ നീക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.  കൊച്ചി മെട്രോയുടെ പരിധിക്ക് പുറത്തുള്ള ഓടകളുടെ വൃത്തിയാക്കൽ സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളെ അറിയിച്ചിട്ടുണ്ട്.

അടിയന്തര മുന്നൊരുക്കങ്ങൾക്കായി എമർജൻസി റെസ്പോൺസ് ടീം സജ്ജമാക്കാനും എല്ലാ കോൺട്രാക്ടർമാർക്കും നിർദേശം നൽകി. സുരക്ഷാ ഉദ്യോഗസ്ഥരെയും അടിയന്തര സാഹചര്യങ്ങളിൽ സേവനം നൽകാൻ പ്രാപ്തരായ ജീവനക്കാരെയും ഉൾപ്പെടുത്തിയതായിരിക്കും റെസ്പോൺസ് ടീം രൂപീകരിക്കുന്നത്. പദ്ധതി പ്രദേശത്ത് സുരക്ഷിതത്വം ഉറപ്പാക്കാൻ ജില്ലാ ഭരണകൂടവും തദ്ദേശ സ്ഥാപനങ്ങളുമായി യോജിച്ചാണ് കെഎംആർഎൽ പ്രവർത്തിക്കുന്നത്. മാലിന്യങ്ങൾ നിറഞ്ഞ് ഒഴുക്ക് തടസപ്പെട്ടിരിക്കുന്ന സിവിൽ ലൈൻ റോഡിലെയും സമീപപ്രദേശങ്ങളിലെയും കനാലുകളും ഓടകളും വൃത്തിയാക്കാൻ തൃക്കാക്കര മുനിസിപ്പാലിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വെള്ളക്കെട്ട് ഉണ്ടാകുന്ന പക്ഷം വെള്ളം പമ്പ് ചെയ്ത് കളയാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകാൻ  ജില്ലാ ഭരണകൂടത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. റോഡുകളിലും ഓടകളിലും കനാലുകളിലും മാലിന്യങ്ങൾ തള്ളുന്നത് തടയാനാവശ്യമായ പരിശോധനകളും നടപടികളും സ്വീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങളിലെ ആരോഗ്യ വകുപ്പിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.മഴക്കാലത്ത് സുഗമമായ ഗതാഗതവും സുരക്ഷിതമായ നിർമാണപ്രവർത്തനങ്ങളും ഉറപ്പാക്കാൻ ഉന്നതതല ആഭ്യന്തര കമ്മറ്റിയും കെഎംആർഎൽ രൂപീകരിച്ചിട്ടുണ്ട്.  ഗതാഗത നിയന്ത്രണത്തിന് 10 ട്രാഫിക് വാർഡന്മാരെക്കൂടി നിയമിച്ചിട്ടുണ്ട്. നിലവിൽ 20 ട്രാഫിക് വാർഡന്മാർ പ്രവർത്തിക്കുന്നുണ്ട്. ഇതോടെ 30 കേന്ദ്രങ്ങളിൽ രാവിലെ എട്ട് മണിമുതൽ വൈകിട്ട് 8 മണിവരെ ട്രാഫിക് വാർഡന്മാരുടെ സേവനം ലഭ്യമാകും. റോഡിൽ കുഴികൾ രൂപപ്പെടുന്നതും വെള്ളക്കെട്ട് ഉണ്ടാകുന്നതും ഒഴിവാക്കാനുള്ള നടപടികളും സ്വീകരിക്കും. രാത്രികാലങ്ങളിൽ പദ്ധതി പ്രദേശത്തെ റോഡുപയോഗിക്കുന്നവർക്കുള്ള കാഴ്ച സുഗമമാക്കാനുള്ള നടപടികളും സ്വീകരിക്കും.

# മൊബിൽ വണിനായി ഒരുമിച്ച് ഹൃത്വിക്കും രാകേഷ് റോഷനും

**കൊച്ചി:** മൊബിൽ ടിഎം ലൂബ്രിക്കന്റുകളുടെ നിർമാതാക്കളായ എക്സോൺ മൊബിൽ ലൂബ്രിക്കന്റ്സ്  തങ്ങളുടെ പുതിയ 'അൺഫോർഗെറ്റബിൾ ജേർണിസ് കൊമേർഷ്യൽ ക്യാംപയിൻ ആരംഭിച്ചു. ലോകത്തെ മുൻനിര എൻജിൻ ഓയിൽ ബ്രാൻഡായ മൊബിൽ 1 ടിഎംനായാണ് ക്യാംപയിൻ. ബോളിവുഡ് താരം ഹൃത്വിക് റോഷനാണ് ക്യാംപയിനിൽ സ്ക്രീനിലെത്തുന്നത്.




ഹൃത്വികിനൊപ്പം അദ്ദേഹത്തിന്റെ പിതാവും ചലച്ചിത്ര നിർമാതാവും സംവിധായകനുമായ രാകേഷ് റോഷനും ഈ പരസ്യചിത്രത്തിലെത്തുന്നു എന്ന പ്രത്യേകതയുമുണ്ട്. ആദ്യമായാണ് ഇരുവരും ഒരുമിച്ച് ഓൺസ്ക്രീനിലെത്തുന്നത്.



അങ്കമാലി ഫിസാറ്റ് എഞ്ചിനീറിങ് കോളേജിൽ മദ്രാസ് ഐ ഐ ടി പൂർവ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന ശില്പശാല മദ്രാസ് ഐ ഐടി മുൻ ഡീൻ പ്രൊഫ. ആർ നാഗരാജൻ  ഉത്ഘാടനം ചെയുന്നു. ഡോ ജേക്കബ് തോമസ്, ജെനിബ് ജെ കാച്ചപ്പിള്ളി, പ്രൊഫ. എം എസ് ശിവകുമാർ, ആന്റോ വർക്കി, പോൾ മുണ്ടാടൻ, എസ് സത്യമൂർത്തി തുടങ്ങിയവർ സമീപം

# സ്ഥാപന മികവിന് അധ്യാപകരുടെ പങ്ക്: ശില്പശാലയുമായി മദ്രാസ് ഐ ഐ ടി പൂർവ്വ വിദ്യാർത്ഥികൾ

**കൊച്ചി:** കലാലയങ്ങളുടെ വികസനത്തിന് അധ്യാപകരുടെ പങ്കിനെക്കുറിച്ചു  ശില്പശാല ഒരുക്കി മദ്രാസ് ഐ ഐ ടി പൂർവ്വ വിദ്യാർത്ഥികൾ. അങ്കമാലി ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജുമായി സഹകരിച്ചാണ് ശില്പശാല സംഘടിപ്പിച്ചിരിക്കുന്നത് . ഫിസാറ്റിൽ നടന്ന ശില്പശാല മദ്രാസ് ഐ ഐ ടി മുൻ ഡീൻ പ്രൊഫ. ആർ നാഗരാജൻ  ഉത്ഘാടനം ചെയ്തു. ചടങ്ങിൽ ഫിസാറ്റ് ട്രഷറർ ജെനിബ് ജെ കാച്ചപ്പിള്ളി അദ്യക്ഷത വഹിച്ചു. അദ്ധ്യാപകർ സ്ഥാപനത്തിൻറെ വളർച്ചക്ക് മുതൽ കൂട്ടാക്കാൻ എങ്ങനെ സാധിക്കും എന്ന  വിഷയത്തിലൂന്നി അധ്യാപകരെയും വിദ്യാർത്ഥികളെയും  സഹായിക്കുന്ന നൂതന പരിപാടികളാണ് ശില്പശാലയിൽ ഒരുക്കിയിരിക്കുന്നത്. അധ്യാപകരുടെ സഹായത്തോടെ കോളേജുകൾക്ക് ഫണ്ടിംഗ് ഉറപ്പാക്കുക, അത്യാധുനിക സൗകര്യങ്ങൾ വികസിപ്പിക്കുക, അധ്യാപന രീതികൾ മെച്ചപ്പെടുത്തുക, ഫലപ്രദമായ ഗവേഷണം നടത്തുക, വ്യവസായ പങ്കാളിത്തം കെട്ടിപ്പടുക്കുക, സ്റ്റാർട്ടപ്പുകളിലൂടെ നവീകരണം പ്രോത്സാഹിപ്പിക്കുക, പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുക, വിദ്യാർത്ഥികളെ ആഗോളതലത്തിൽ എത്തുക, തുടങ്ങിയ നിരവധി വിഷയങ്ങൾ ശില്പശാലയിൽ ചർച്ച ചെയ്തു  സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യകതകൾ തിരിച്ചറിഞ്ഞ്, ഇന്ത്യയിലെ എല്ലാ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെയും പൂർവ്വ വിദ്യാർത്ഥികൾ 2012ൽ ആരംഭിച്ചതും ഇപ്പോൾ (കകഠങഅഇഠ)ഐഐടിഎംഎസിടി (ഐഐടിഎം പൂർവ്വ വിദ്യാർത്ഥി ചാരിറ്റബിൾ ട്രസ്റ്റ്) യുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ പാൽസ്  എന്ന പൂർവ്വ വിദ്യാർത്ഥി സംഘടനയാണ് ഇതിൻറെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഐഐടി മദ്രാസിൽ നിന്നുള്ള അപ്ലൈഡ് മെക്കാനിക്സ് വിഭാഗം മേധാവി പ്രൊഫ എം എസ് ശിവകുമാർ ശിൽപശാലകൾക്ക് നേതൃത്വം നൽകും. കൂടാതെ നൂതനമായ അധ്യാപന, പഠന രീതികൾ, വ്യവസായത്തിന് അനുയോജ്യമായ പാഠ്യപദ്ധതി വികസിപ്പിക്കൽ, വ്യവസായ ബന്ധങ്ങൾ ശക്തിപ്പെടുത്തൽ,  സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിൽ കോളേജുകളിലെ പൂർവ്വ വിദ്യാർത്ഥികളുടെ പങ്ക്, അന്താരാഷ്ട്രവൽക്കരണ തന്ത്രങ്ങളും അവയുടെ റാങ്കിംഗിലുള്ള സ്വാധീനവും തുടങ്ങിയ വിഷയങ്ങൾ ശില്പശാലയിൽ ചർച്ച ചെയ്തു   ചടങ്ങിൽ വൈസ് പ്രസിഡന്റ് പോൾ മുണ്ടാടൻ, അസ്സോസിയേറ്റ് സെക്രട്ടറി അബ്ദുൽ നാസ്സർ എം പി, മാനേജിങ് കമ്മിറ്റി അംഗങ്ങളായ വി എം രാജനാരായണൻ, സത്യമൂർത്തി, പാൽസ്

മെൻറ്റർ കൃഷ്!ണമൂർത്തി റാവു, പാൽസ് കൊച്ചി ചാപ്റ്റർ മേധാവി എസ് പി അശോക് സെക്രട്ടറി ആന്റോ വർക്കി ഫിസാറ്റ് പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ് , വൈസ് പ്രിൻസിപ്പൽ ഡോ പി ആർ മിനി, ഡീൻ ഡോ ജി ഉണ്ണികർത്ത, തുടങ്ങിയവർ പങ്കെടുത്തു നാളെയും മറ്റന്നാളുമായി കൊടകര സഹൃദയ കോളേജിൽ ഇതിനോട് അനുബന്ധിച്ചുള്ള വിഷയങ്ങളിൽ ശില്പശാല നടത്തും.

# യുടിഐ ലാർജ് ക്യാപ് ഫണ്ട്: നിക്ഷേപം 12,600 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ ലാർജ് ക്യാപ് ഫണ്ടിന്റെ മൊത്തം നിക്ഷേപം 12,600 കോടി രൂപ കടന്നതായി 2025 ഏപ്രിൽ 30ലെ കണക്കുകൾ സൂചിപ്പിക്കുന്നു.ഇന്ത്യയിലെ ആദ്യത്തെ ഓഹരി അധിഷ്ഠിത ഫണ്ടായ യുടിഐ ലാർജ് ക്യാപ് ഫണ്ട് 1986 ഒക്ടോബറിലാണ് ആരംഭിച്ചത്. ഫണ്ടിന്റെ തുടക്കത്തിൽ നിക്ഷേപിച്ച 10 ലക്ഷം രൂപ 2025 ഏപ്രിൽ 30 ആയപ്പോൾ 25.49 കോടി രൂപയായി വളർന്നു. യുടിഐ ലാർജ് ക്യാപ് ഫണ്ട് ഒരു ഓപ്പൺഎൻഡഡ് ഇക്വിറ്റി സ്കീം ആണ്. ഇത് പ്രധാനമായും അതത് മേഖലകളിൽ മത്സരക്ഷമതയുള്ള ലാർജ് ക്യാപ് കമ്പനികളിൽ നിക്ഷേപിക്കുന്നു. 'ന്യായമായ വിലയിൽ വളർച്ച' എന്ന നിക്ഷേപ രീതിയാണ് ഓഹരികൾ തിരഞ്ഞെടുക്കുന്നതിന് ഈ ഫണ്ട് പിന്തുടരുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## സ്റ്റെറിസ് ഹെൽത്ത് കെയർ കേരളത്തിൽ പുതിയ ഡിസ്ട്രിബ്യൂഷൻ സെന്ററുകൾ ആരംഭിക്കുന്നു

**കൊച്ചി:** മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഫാർമസ്യൂട്ടിക്കൽ കമ്പനി സ്റ്റെറിസ് ഹെൽത്ത് കെയർകേരളത്തിൽ പുതിയ ഡിസ്ട്രിബ്യൂഷൻ സെന്ററുകൾ ആരംഭിക്കുന്നു. ദക്ഷിണേന്ത്യയിൽ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളുടെ ആദ്യപടിയായാണ് ഈ നീക്കമെന്ന് സ്റ്റെറിസ് ഹെൽത്ത്കെയർ ഡയറക്ടറും സിഇഒയും ആയ ജീവൻ കസറ പറഞ്ഞു.

STERIS

കമ്പനിയുടെ സാന്നിധ്യം ദക്ഷിണേന്ത്യയിലുനീളം ശക്തമാക്കാനും ചികിത്സാ സംബന്ധമായ പരിഹാരങ്ങൾ കുറഞ്ഞ ചിലവിൽ ലഭ്യമാക്കാനും ലക്ഷ്യമിടുന്നതായും അദ്ദേഹം വ്യക്തമാക്കി.

പുതിയ ഡിസ്ട്രിബ്യൂഷൻ കേന്ദ്രം വിതരണ ശൃംഖലയെ ശക്തമാക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യും. പ്രദേശത്തെ ആശുപത്രികൾക്കും ഫാർമസികൾക്കും രോഗികൾക്കും ആവശ്യമായ മരുന്നുകളുടെ തത്സമയ വിതരണം കൂടുതൽ കാര്യക്ഷമമാക്കും . കേരളത്തിലേക്കുള്ള കമ്പനിയുടെ പ്രവേശനം സ്റ്റെറിസ് ഹെൽത്ത്കെയറിന്റെ പാൻ ഇന്ത്യ ആരോഗ്യ പരിഹാരങ്ങൾ വാഗ്ദാനം ചെയ്യുന്നതിനുള്ള നിർണായക ഘട്ടമാണെന്നും ജീവൻ കസറ പറഞ്ഞു.

## അസൂസ് ആർഒജി ലാപ്ടോപ്പ് ശ്രേണി അവതരിപ്പിച്ചു

**കൊച്ചി:** അസൂസ് ഇന്ത്യ, റിപ്പബ്ലിക് ഓഫ് ഗെയിമേഴ്സ് (ആർഒജി) , എൻവിഡിയ ആർടിഎക്സ് 5000 സീരീസ് പിന്തുണയ്ക്കുന്ന 2025 ആർഒജി ലാപ്ടോപ്പ് ശ്രേണി ഇന്ത്യൻ വിപണിയിൽ ലഭ്യമാകുമെന്ന് അറിയിച്ചു. ഈ മാസം തുടക്കത്തിൽ പുറത്തിറക്കിയ പുതിയ ശ്രേണിയിൽ ഉയർന്ന പ്രകടനം കാഴ്ചവയ്ക്കുന്ന ആർഒജി സ്ട്രിക്സ് സ്കാർ 16/18, സ്ട്രിക്സ് ജി16, സിഫൈറസ് ജി16, സിഫൈറസ് ജി14, കൺവെർട്ടിബിൾ ഫ്ളോ ഇസെഡ്13 എന്നിവ ഉൾപ്പെടുന്നു. ഇവയെല്ലാം നൂതനമായ പ്രകടനം, നവീനമായ കൂളിംഗ്, ഗെയിമർമാർക്കും ക്രിയേറ്റർമാർക്കുമായി രൂപകൽപ്പന ചെയ്ത എഐ പിന്തുണയ്ക്കുന്ന കഴിവുകൾ എന്നിവ നൽകുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. പുതിയ ഫ്ളോ ഇസെഡ്13 1,99,990 രൂപ മുതൽ ആരംഭിക്കുന്നു

## ആസ്ത്മാ ബോധവത്ക്കരണമായി സിപ്ല

**കൊച്ചി:** ഇന്ത്യയിൽ ഗുരുതരമായ ആസ്ത്മ കേസുകളിൽ 70% വരെയും രോഗനിർണയം നടത്താതെ പോകുന്നുവെന്ന് വിദഗ്ധ ഡോക്ടർമാർ. ഇൻഹേൽ ചികിത്സ എല്ലാവർക്കും ലഭ്യമാക്കുക എന്ന ഗ്ലോബൽ ഇനിഷ്യേറ്റീവ് ഫോർ ആസ്ത്മയുടെ ലക്ഷ്യത്തിന് അനുസൃതമായി, ദേശീയ തലത്തിലുള്ള പ്രതികരണം വർധിപ്പിക്കേണ്ടത് അടിയന്തര ആവശ്യമാണെന്ന് പൾമണോളജിസ്റ്റ് കൺസൾട്ടന്റ് ഡോ. എസ്. ഷാനു പറഞ്ഞു, രോഗലക്ഷണങ്ങളെ നിയന്ത്രിക്കുക, പെട്ടെന്നുള്ള ആശ്വാസത്തിനുള്ള മരുന്നുകളുടെ ഉപയോഗം കുറയ്ക്കുക, ശ്വാസകോശത്തിന്റ്റെ പ്രവർത്തനം സംരക്ഷിക്കുക എന്നിവയാണ് ആസ്മ കൈകാര്യം ചെയ്യുന്നതിൽ പ്രധാനമെന്നും അദ്ദേഹം പറ ഞ്ഞു




# സമുദ്രയാൻ ആഴക്കടൽ ദൗത്യം 2026 അവസാനത്തോടെ: ഡോ ബാലാജി രാമകൃഷ്ണൻ

**കൊച്ചി:** മനുഷ്യനെ വഹിച്ചുള്ള ഇന്ത്യയുടെ ആദ്യത്തെ സബ്മെഴ്സിബിൾ വാഹനമായ മത്സ്യയുടെ 6000 മീറ്റർ സമുദ്രയാൻ ആഴക്കടൽ ദൗത്യം 2026 അവസാനത്തോടെ നടത്താനാകുമെന്നാണ് പ്രതീക്ഷയെന്നും ഇന്ത്യയുടെ സമുദ്രപഠന മേഖലയിൽ വലിയ വഴിത്തിരിവാകും ഈ ദൗത്യമെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (എൻഐഒടി) ഡയറക്ടർ ഡോ ബാലാജി രാമകൃഷ്ണൻ പറഞ്ഞു.

ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട ദേശീയ പരിശീലന ശിൽപശാല കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ഉദ്ഘാടനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു ഡോ ബാലാജി രാമകൃഷ്ണൻ.എൻഐഒടിയാണ് ഇന്ത്യയുടെ ആഴക്കടൽ ദൗത്യത്തിന്റെ നോഡൽ ഏജൻസി.മൂന്ന് ശാസ്ത്രജ്ഞരെ വഹിച്ചുള്ള ആഴക്കടൽ പര്യവേക്ഷണത്തിനാണ് മത്സ്യ തയ്യാറെടുക്കുന്നത്. ഇന്ത്യയുടെ തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ച് വികസിപ്പിച്ച ഈ നാലാം തലമുറ സബ്മഴ്സിബിൾ വാഹനത്തിന് 25 ടൺ ഭാരമുണ്ട്. സമുദ്രത്തിനടിയിലെ അതിതീവ്ര മർദത്തെയും മറ്റ് പ്രതികൂല സാഹചര്യങ്ങളെയും നേരിടാൻ പാകത്തിലാണ് രൂപകൽപന.

ആഴക്കടലിലെ ജീവനുള്ളതും അല്ലാത്തതുമായ വിഭവങ്ങളുടെ വിലയിരുത്തൽ, സമഗ്രമായ സമുദ്ര നിരീക്ഷണം, ആഴക്കടൽ ടൂറിസത്തിന്റെ സാധ്യതകൾ തുടങ്ങിയവക്ക് വഴിതുറക്കുന്നതാണ് സമുദ്രയാൻ ദൗത്യമെന്ന് എൻഐഒടി ഡയറക്ടർ പറഞ്ഞു. വിവിധ ഘട്ടങ്ങളായാണ് ലോഞ്ചിംഗ് നടത്താനുദ്ദേശിക്കുന്നത്. ഈ വർഷം അവസാനത്തോടെ 500 മീറ്റർ ആഴത്തിലേക്കുള്ള പരീക്ഷണം നടത്തും. നാല് മണിക്കൂർ വീതം ആഴക്കടലിലേക്കും തിരിച്ചുവരാനുമായി എടുക്കുമെന്നാണ് കണക്കുക്കൂട്ടൽ. ആഴക്കടൽ മേഖലയിൽ നിന്ന് നിർണായക സാമ്പിളുകൾ ശേഖരിക്കുന്നതിൽ ഇത് സഹായിക്കും. ഇതുവരെ നേരിട്ടെത്താത്ത സമുദ്രാന്തർഭാഗങ്ങളിലെ ജീവജാലങ്ങളുടെയും ജലത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കാനും അവസരമൊരുക്കുംഅദ്ദേഹം പറഞ്ഞു.

കടൽകൂടുകൃഷിയിൽ നിർണായക വഴിത്തിരിവിന് അവസരമൊരുക്കുന്നതാണ് 'സമുദ്രജീവ' എന്ന പേരിൽ വികസിപ്പിച്ച സാങ്കേതികവിദ്യ. കടലിലെ മത്സ്യകൂടുകളിൽ സ്ഥാപിച്ച സെൻസറുകളിലൂടെ മീനിന്റെ വളർച്ചയും ജലഗുണനിലവാരവും കരയിൽ നിന്ന് വിലയിരുത്താൻ സഹായിക്കുന്നതാണ് ഈ സാങ്കേതികവിദ്യ. ഇത്തരം സാങ്കേതികവിദ്യകൾ സമുദ്രമത്സ്യ മേഖലയിൽ സുസ്ഥിര വികസനത്തിന് വേഗം കൂട്ടുമെന്നും ഡോ ബാലാജി രാമകൃഷ്ണൻ പറഞ്ഞു.

സിഎംഎഫ്ആർഐയും വിജ്ഞാന ഭാരതിയും സംയുക്തമായാണ് അഞ്ച് ദിവസത്തെ ശിൽപശാല സംഘടിപ്പിക്കുന്നത്. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സമുദ്രമത്സ്യ മേഖലയിലെ സിഎംഎഫ്ആർഐയുടെ ഗവേഷണ നേട്ടങ്ങളും എൻഐഒടിയുടെ സാങ്കേതികവിദ്യകളും സംയോജിപ്പിക്കുന്നത് ഇന്ത്യയുടെ ബ്ലൂ ഇക്കോണമി മെച്ചപ്പെടുത്താൻ സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ മാരികൾച്ചർ പ്രവർത്തനത്തിന്റെ സാധ്യതകൾ, പ്രത്യേകിച്ച് കടൽപ്പായൽ കൃഷി, പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് സാങ്കേതിക വികസനം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് മുൻ ഡയറക്ടർ ഡോ. സതീഷ് ഷേണായി, വിജ്ഞാന ഭാരതി സെക്രട്ടറി ജനറൽ വിവേകാനന്ദ പൈ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി മുൻ ഡയറക്ടർ ഡോ. എസ്. പ്രസന്നകുമാർ, പരിശീലന പരിപാടിയുടെ കോർഡിനേറ്റർ ഡോ. രതീഷ് കുമാർ രവീന്ദ്രൻ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

# ബിസിനസ് സാധ്യതാ പഠനം: കെ എം എ പ്രതിനിധി സംഘം വിയറ്റ്നാമിൽ

**കൊച്ചി:** ബിസിനസ്, സംരംഭക സാധ്യതകളെ കുറിച്ച് പഠിക്കാൻ കെ എം എ പ്രതിനിധി സംഘം വിയറ്റ്നാമിൽ സന്ദർശനം പൂർത്തിയാക്കി. പ്രസിഡന്റ് ബിബു പുന്നൂരാൻ, ഓണററി സെക്രട്ടറി ഡോ. അനിൽ ജോസഫ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് വിയറ്റ്നാമിൽ നാലുദിവസത്തെ സന്ദർശനം പൂർത്തിയാക്കിയത്. വിയറ്റ്നാമിലെ ഇന്ത്യൻ ബിസിനസ് ചേംബറിലെ (ഇൻചാം) സെക്രട്ടറി ദുയി ക്വിയുടെ സഹകരണത്തോടെ ഡയറക്ടർ ബോർഡ് അംഗങ്ങളായ വിജേഷ് എംവി, പിയൂഷ് റാത്തോർ എന്നിവരാണ് പരിപാടി ഏകോപിപ്പിച്ചത്,

ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള ബിസിനസ്സ് സഹകരണം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള നിരവധി വ്യാവസായിക സന്ദർശനങ്ങൾ, നെറ്റ്വർക്കിംഗ് സെഷനുകൾ, തന്ത്രപരമായ ചർച്ചകൾ എന്നിവ നടത്തിയ പ്രതിനിധി സംഘം വിയറ്റ്നാമിലെ പ്രധാന വ്യവസായങ്ങലെ കുറിച്ചും നിക്ഷേപ അവസരങ്ങളെ കുറിച്ചും നേരിട്ടറിഞ്ഞു.




അതത് രാജ്യങ്ങളിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും പദ്ധതികൾ വികസിപ്പിക്കുന്നതിനും കെ എം എയും ഇൻചാമും സഹകരിച്ച് പ്രവർത്തിക്കാൻ ധാരണയായി. ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം, നിക്ഷേപം, അറിവ് കൈമാറ്റം എന്നിവ സുഗമമാക്കുന്നതിനായി ഇരു സംഘടനകളും യോജിച്ച് പ്രവർത്തിക്കും.

ഉൽപ്പാദനം, സാങ്കേതികവിദ്യ, വ്യാപാരം തുടങ്ങിയ മേഖലകളിലെ പ്രമുഖ വിയറ്റ്നാമീസ് സംരംഭങ്ങൾ പ്രതിനിധി സംഘം സന്ദർശിച്ചു. വിയറ്റ്നാമിലെ വ്യവസായ പ്രമുഖർ, നയരൂപീകരണ വിദഗ്ദ്ധർ, പ്രവാസി ബിസിനസ്സ് സമൂഹം എന്നിവരുമായി സംവേദനാത്മക സെഷനുകളും ഹോ ചി മിൻ സിറ്റിയിലെ ഇൻചാം ഓഫീസിൽ ഇൻചാമിന്റെ ബോർഡ് ഓഫ് ഗവർണർമാരുമായി വിശദമായ ചർച്ചകളും സംഘം നടത്തി.




# കിയ ഇവി9, ഇവി6 മോഡലുകൾ അവതരിപ്പിച്ച് ഇഞ്ചിയോൺ കിയ

**കൊച്ചി:** കിയയുടെ ഫ് ളാഗ്ഷിപ്പ് ഇലക്ട്രിക് എസ്‌യുവി ഇവി9, പ്രീമിയം ഇലക്ട്രിക് എസ്‌യുവി ഇവി6 എന്നീ മോഡലുകൾ കേരളത്തിലവതരിപ്പിച്ച് ഇഞ്ചിയോൺ കിയ. കൊച്ചിയിലെ ഇഞ്ചിയോൺ കിയയുടെ ഷോറൂമിൽ വച്ച് നടന്ന ചടങ്ങിൽ ഇഞ്ചിയോൺ കിയ എം.ഡി നയീം ഷാഹുൽ പുതിയ മോഡലുകൾ അവതരിപ്പിച്ചു. ഇഞ്ചിയോൺ കിയ സെയിൽസ് വൈസ് പ്രസിഡന്റ് പ്രേംജിത്ത് സോമൻ, സർവീസ് സീനിയർ വൈസ് പ്രസിഡന്റ് റെജി വർഗീസ് തുടങ്ങിയവർ ചടങ്ങിന്റെ ഭാഗമായി. 6 സീറ്റർ ലേ ഔട്ടിലാണ് ഫ് ളാഗ്ഷിപ്പ് മോഡലായ ഇവി9 എത്തുന്നത്. കുത്തനെയുള്ള എൽഇഡി ലൈറ്റുകളും ഇംഗ്ലീഷ് അക്ഷരമാലയിലെ എൽ രൂപത്തിലുള്ള ഡിആർഎല്ലുകളും ഡിജിറ്റൽ പാറ്റേൺ ലൈറ്റിംഗ് ഗ്രില്ലുമാണ് കിയ ഇവി9ന് നൽകിയിരിക്കുന്നത്. കുത്തനെയുള്ള എൽഇഡി ടെയിൽ ലാംപുകളും സ്പോയ്‌ലറുമാണ് പിന്നിൽ. ഒപ്പം ഡ്യുവൽ ടോൺ ബംപറും സ്കിഡ് പ്ലേറ്റുമുണ്ട്. വാഹനത്തിന്റെ നീളം 5,015 എംഎം, വീതി 1,980എംഎം, ഉയരം 1,780എംഎം എന്നിങ്ങനെയാണ്. 3,100എംഎം ആണ് വീൽബേസ്.ഉള്ളിൽ ഡ്യുവൽ സ്ക്രീൻ ഡിസ്പ്ലേയും 12.3 ഇഞ്ച് ടച്ച്സ്ക്രീനും അതേ വലിപ്പമുള്ള ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്ററുമുണ്ട്.

രണ്ടാം നിരയിൽ കൂടുതൽ സൗകര്യപ്രദമായ ക്യാപ്റ്റൻ സീറ്റുകൾ. ഇലക്ട്രിക്ക് അഡ്ജസ്റ്റ്മെന്റ് , മസാജ് ഫങ്ഷൻ, അഡ്ജസ്റ്റബിൾ ലെഗ് സപ്പോർട്ട് എന്നിങ്ങനെയുള്ള ഫീച്ചറുകൾ ക്യാപ്റ്റൻ സീറ്റിലുണ്ട്. ത്രീ സോൺ ക്ലൈമറ്റ് കൺട്രോൾ, ഡ്യുവൽ ഇലക്ട്രോണിക് സൺറൂഫ്, ഹെഡ് അപ് ഡിസ്പ്ലേ, ഡിജിറ്റൽ ഇൻസൈഡ് റിയർ വ്യൂ മിറർ, വെഹിക്കിൾ ടു ലോഡ് ഫങ്ഷൻ, 14 സ്പീക്കർ മെറിഡിയൻ ഓഡിയോ സിസ്റ്റം, ഡിജിറ്റൽ കീ, ഒടിഎ അപ്ഡേറ്റ് എന്നിവയാണ് പ്രധാന ഫീച്ചറുകൾ.സുരക്ഷയുടെ കാര്യത്തിലും ഇവി9 ഒട്ടും പിന്നിലല്ല. പത്ത് എയർ ബാഗുകൾ, ഇഎസ്സി, എച്ച്ഡിസി, വെഹിക്കിൾ സ്റ്റെബിലിറ്റി മാനേജ്മെന്റ് , മുന്നിലും പിന്നിലും വശങ്ങളിലും പാർക്കിങ് സെൻസറുകൾ, ഓൾ വീൽ ഡിസ്ക് ബ്രേക്കുകൾ, 360 ഡിഗ്രി ക്യാമറ എന്നിവയാണ് പ്രധാന സുരക്ഷാ ഫീച്ചറുകൾ. ലൈൻ ഡിപ്പാർച്ചർ വാണിങ്, അഡാപ്റ്റീവ് ക്രൂസ് കൺട്രോൾ, ഹൈ ബീം അസിസ്റ്റ്, ലൈൻ കീപ്പ് അസിസ്റ്റ് എന്നിങ്ങനെയുള്ള അഡാസ് ലെവൽ 2 ഫീച്ചറുകളും സുരക്ഷക്കായി നൽകിയിട്ടുണ്ട്.ഇവി9, ഇവി6 മോഡലുകളിലൂടെ കിയ ഇന്ത്യ തങ്ങളുടെ ഉൽപ്പന്ന ശ്രേണി കൂടുതൽ മികച്ചതാക്കുകയും, സമാനതകളില്ലാത്ത സുഖസൗകര്യങ്ങൾ, അത്യാധുനിക സാങ്കേതികവിദ്യ, ഉപഭോക്ത കേന്ദ്രീകൃതമായ രൂപകൽപ്പന തുടങ്ങിയവ സമന്വയിപ്പിച്ച് ഒരു പുതിയ യാത്ര അനുഭവം തന്നെയാണ് വാഗ്ദാനം ചെയ്യുന്നതെന്നും ചടങ്ങിൽ നയീം ഷാഹുൽ പറഞ്ഞു.പുതിയ രൂപഭാവങ്ങളും ഒട്ടനവധി ഫീച്ചറുകളുമായാണ് പുതിയ ഇവി6ന്റെ വരവ്. അധിക ഫീച്ചറുകൾ, പുതിയ ഡാഷ്ബോർഡ് ലേഔട്ട് തുടങ്ങിയവയ്ക്കു പുറമേ യന്ത്രഭാഗങ്ങളിലും നിരവധി പുതുക്കലുകളാണ് കിയ ഇവി6 ഫെയ്സ്ലിഫ്റ്റിലുള്ളത്. 84സണവ അധിക ബാറ്ററി പാക്കാണ് (മുൻപ് 77.4 സണവ ബാറ്ററിയാണ്) പുതിയ ഇവി6ൽ നൽകിയിരിക്കുന്നത്, പുതിയ റേഞ്ച് 650കീമി ആയി മാറിയിരിക്കുന്നു. ഡ്യുവൽ മോട്ടോർ ഓൾവീൽ ഡ്രൈവ് മോഡൽ 325 എച്ച്പി കരുത്തും പരമാവധി 605എൻഎം ടോർക്കും പുറത്തെടുക്കും. 350സണ ചാർജർ ഉപയോഗിച്ചാൽ പൂജ്യത്തിൽ നിന്നും 80% ചാർജിലെത്താൻ വെറും 18 മിനുറ്റ് മതി. 65.90 ലക്ഷം രൂപയാണ് പുതിയ കിയ ഇവി6ന്റെ എക്സ്ഷോറൂം വില.

# ഇന്ത്യയിലെ അക്കൗണ്ടൻറുമാരിൽ സംരംഭകത്വ താൽപര്യം വളരെ ശക്തമെന്ന് സർവ്വേ

**കൊച്ചി:** ഇന്ത്യയിലെ അക്കൗണ്ടൻറുമാരിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള താൽപര്യം വളരെ ഉയർന്ന നിലയിലാണെന്ന് അസോസ്സിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫൈഡ് അക്കൗണ്ടൻറ്സ് നടത്തിയ വാർഷിക സർവ്വേ ചൂണ്ടിക്കാട്ടുന്നു. ഇന്ത്യ അടക്കം 175 രാജ്യങ്ങളിലായി പതിനായിരം വ്യക്തികളിലായാണ് അസോസ്സിയേഷന്റെ ഗ്ലോബൽ ടാലന്റ് ട്രെൻഡ്സ് സർവ്വേ നടത്തിയത്. 63 ശതമാനം പേരും സംരംഭകരായി മാറാനുള്ള താൽപര്യമാണു പ്രകടിപ്പിച്ചത്. ഹൈബ്രിഡ് പ്രവർത്തന സൗകര്യങ്ങളിലാണ് 75 ശതമാനം പേർക്കും താൽപര്യം. 80 ശതമാന പേർ അടുത്ത രണ്ട് വർഷത്തിനുള്ളിൽ നിലവിലെ റോളുകൾ മാറാൻ പദ്ധതിയിടുന്നു, 67 ശതമാനം പേർ നിലവിലുള്ള സ്ഥാപനങ്ങൾക്ക് പുറത്തുള്ള അവസരങ്ങൾ തേടുന്നു.സർവ്വേയിൽ പങ്കെടുത്തവരിൽ 85 ശതമാനം പേരും മറ്റൊരു രാജ്യത്തു ജോലി ചെയ്യാനാണ് താൽപര്യം പ്രകടിപ്പിക്കുന്നതെന്ന് അസോസ്സിയേഷൻ ഡയറക്ടർഇന്ത്യ സജീദ് ഖാൻ ചൂണ്ടിക്കാട്ടി. ജോലി സ്ഥലത്തെ സംസ്ക്കാരത്തിൻറെ കാര്യത്തിൽ പുതിയ രീതികൾ ആവിഷ്ക്കരിക്കാൻ തൊഴിൽദായകർ നീക്കം നടത്തേണ്ടതിനെ കുറിച്ചു കൂടിയാണിതു സൂചിപ്പിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തങ്ങളുടെ സ്വന്തം ബിസിനസിലേക്കു കടക്കുന്നതിനുള്ള മാർഗമായാണ് 63 ശതമാനം പേരും അക്കൗണ്ടൻസിയെ കാണുന്നതെന്ന് സർവ്വേ ചൂണ്ടിക്കാട്ടുന്നു. ഈ മേഖലയിലുള്ളവരുടെ മാനസികാരോഗ്യ സൂചികയുടെ കാര്യത്തിൽ മുൻ വർഷത്തേക്കാൾ ഉയർച്ച ഉണ്ടായിട്ടുണ്ട്. ഇന്ത്യയിൽ നിന്നു പ്രതികരിച്ചവരിൽ 85 ശതമാനത്തോളം പേർ ആഗോള തൊഴിൽ മേഖലയിലേക്കു കടക്കാനുള്ള അവസരമായാണിതിനെ കാണുന്നതെന്ന് സർവ്വേ ചൂണ്ടിക്കാട്ടുന്നു.

2025 ലെ ഞങ്ങളുടെ ഡാറ്റ ഒരു തൊഴിൽ മേഖല പരിവർത്തനത്തിലേക്ക് നീങ്ങുന്നതായി കാണിക്കുന്നു, ഈ വർഷം ഉയർന്നുവരുന്ന ആവേശകരമായ വിഷയങ്ങളിലൊന്ന് സംരംഭക കഴിവുകൾ വളർത്തിയെടുക്കുന്നതിനുള്ള മികച്ച ആദ്യകാല കരിയർ പാതയായി അക്കൗണ്ടൻസി പരിശീലനം എങ്ങനെ മാറുമെന്നതാണെന്ന് ജാമി ലിയോൺ എഫ്സിസിഎ ഗ്ലോബൽ ഹെഡ് സ്കിൽസ്, സെക്ടർസ്, ടെക്നോളജി അസോസ്സിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫൈഡ് അക്കൗണ്ടന്റ്സ് പറഞ്ഞു.




# ഫോക്സ്‌വാഗൺ ഗോൾഫ് ജിടിഐ: പ്രീ ബുക്കിംഗ് ആരംഭിക്കുന്നു

**കൊച്ചി:** ഫോക്സ്‌വാഗൺ ഗോൾഫ് ജിടിഐ യുടെ പ്രീ ബുക്കിംഗ് ആരംഭിച്ച് ഫോക്സ്‌വാഗൺ ഇന്ത്യ. ഏറ്റവും പുതിയ തലമുറ ഗോൾഫ് ജിടിഐ എം കെ 8.5 ഉപയോഗിച്ച്, പരിമിതമായ ഒരു അലോക്കേഷനിലൂടെ ഇന്ത്യൻ പ്രേമികൾക്ക് ആദ്യമായി ആഗോളതലത്തിൽ ആഘോഷിക്കപ്പെടുന്ന കാർലൈനിലേക്ക് പ്രവേശനം ലഭിക്കും. സമ്പന്നമായ മോട്ടോർസ്പോർട്ട് പൈതൃകം, കാലാതീതമായ ഡിസൈൻ ഭാഷ, ആവേശകരമായ പ്രകടനം എന്നിവയാൽ ഗോൾഫ് ജിടിഐ വേറിട്ടു നിൽക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഗോൾഫ് ജിടിഐ ഒരു ഫുള്ളി ബിൽറ്റ് യൂണിറ്റ് ആയി ലഭ്യമാണ്, ഇത് ഉപഭോക്താക്കൾക്ക് യഥാർത്ഥ ജിടിഐ ഡിഎൻഎ അതിന്റെ ശുദ്ധമായ രൂപത്തിൽ അനുഭവിക്കാനുള്ള അവസരം നൽകുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.